**POLICE DEPARTMENT**

**KERALA**

**C No. 297644/2018**
Kozhikkode Kasaba Police Station
Dated. 19-02-2018

**<u>പുനർ ലേല പരസ്യം</u>**

**കോഴിക്കോട് സിറ്റി കസബ പോലിസ് സ്റ്റേഷൻ പരിസരത്ത് കസബ പോലിസ് സ്റ്റേഷനും, മറ്റ് കെട്ടിടങ്ങൾക്കും ഭീഷണിയായി നിൽക്കുന്ന രണ്ടു മരങ്ങൾ 05/03/2018 തീയതി 11.00 മണിക്ക് കോഴിക്കോട് സിറ്റി കസബ പോലിസ് സ്റ്റേഷനിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.**

**ലേല നിബന്ധനകൾ**

**1) ലേലത്തിൽ പങ്കെടുക്കുന്നവർ ലേല സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും നിരതദ്രവ്യമായി 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) അടക്കേണ്ടതുമാണ്.**
**2) ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതും ലേലം ബഹു. ജില്ലാ പോലിസ് മേധാവി ശരി വച്ച ശേഷം ബാക്കി തുക അനുബന്ധ നികുതികൾ സഹിതം അടക്കേണ്ടതാണ്.**
**3) മരങ്ങൾ നീക്കം ചെയ്യുമ്പോൾ ആളുകൾക്കും, ഗവർമെന്റ് വകയോ അല്ലാത്തതോ ആയ സ്ഥാവരജംഗമ വസ്തുക്കൾക്ക് അപകടമോ, കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും അങ്ങിനെ സംഭവിച്ചാൽ ആയതിന്റെ പൂർണ ഉത്തരവാദിത്വം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കും.**
**4) ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 10 ദിവസത്തിനകം മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്.**
**5) ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ടുമെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല.**
**6) ലേലം മാറ്റി വെക്കുന്നതിനും നിർത്തിവെക്കുന്നതിനും നടന്ന ലേലം തന്നെ വ്യക്തമായ കാരണങ്ങളാൽ അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള അധികാരം ജില്ലാ പോലിസ് മേധാവിയിൽ നിക്ഷിപ്തമാണ്.**
**7) ലേല വസ്തു ലേല തീയതിക്ക് അഞ്ചു ദിവസം മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ 11.00 മണി മുതൽ 17.00 മണിവരെയുള്ള സമയത്ത് കസബ പോലിസ് സ്റ്റേഷൻ റൈറ്ററുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.**

Pramod P
Inspector of Police

297644/2018 bbf93c